# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 621 11/07/2012 ൽ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ ജോലിസമയവും സംഘടനാ പ്രവർത്തനങ്ങളും

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. കെ. എൻ. എ. ഖാദർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സർക്കാർ ജീവനക്കാരുടെ ജോലി സമയവും, അവരുടെ സംഘടനാ പ്രവർത്തനവും സംബന്ധിച്ച വിഷയത്തിൽ ഒരു വിലയിരുത്തലിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ)യും (ബി)യും ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) സംഘടനാ പ്രവർത്തനത്തിന്റെ മറവിൽ ഒരു നല്ല വിഭാഗം ജീവനക്കാർ തങ്ങളുടെ ഉത്തരവാദിത്തം നിർവ്വഹിക്കാതെ മറ്റ് പ്രവർത്തനങ്ങളിലും, തൊഴിലുകളിലും ഏർപ്പെടുകയാണെന്നുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | |
| (സി) ചില സംഘടനകൾ അവരുടെ 20% അംഗങ്ങൾ, മുഴുവൻ സമയ സംഘടനാ പ്രവർത്തകരാണെന്ന് അവകാശപ്പെടുന്ന സാഹചര്യവും, അവരെ മേലുദ്യോഗസ്ഥർക്ക് നിയന്ത്രിക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് അവകാശപ്പെട്ട സേവനം ലഭ്യമാകാത്ത അവസ്ഥയിൽ ജീവനക്കാരെ ഉത്തരവാദിത്തബോധത്തോടെ കൃത്യ നിർവ്വഹണത്തിന് സജ്ജരാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (സി) സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ പ്രകാരം സർക്കാരിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതും കൃത്യനിർവ്വഹണം യഥാവിധി നടത്താതിരിക്കുന്നതും ശിക്ഷാർഹമാണ്. ഇത്തരത്തിൽ ജീവനക്കാർ ജോലിക്ക് എത്താതിരിക്കുന്ന അവസ്ഥയുണ്ടെങ്കിൽ അത് 'അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ' ആയി കണക്കാക്കി ശിക്ഷാനടപടി സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ചില സംഘടനകൾ അവരുടെ 20% അംഗങ്ങൾ മുഴുവൻ സമയ സംഘടനാ പ്രവർത്തകരാണെന്ന് അവകാശപ്പെടുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ